**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4905** | **20-03-2025 - ൽ മറുപടിയ്ക്ക്**

**പരമ്പരാഗത വൈജ്ഞാനിക മേഖലകൾ ടൂറിസം മേഖലയിൽ ഉപയോഗപ്പെടുത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ,<br>ശ്രീ എം എസ് അരുൺ കുമാർ,<br>ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ,<br>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | പരമ്പരാഗത വൈജ്ഞാനിക മേഖലകൾ ടൂറിസം മേഖലയിൽ ഉപയോഗപ്പെടുത്താൻ കഴിയും വിധം കേരളത്തിൽ ടൂറിസം പദ്ധതികൾ വികസിപ്പിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | പരമ്പരാഗത വൈജ്ഞാനിക-തൊഴിൽ മേഖലകൾ ടൂറിസം മേഖലയിൽ ഉപയോഗപ്പെടുത്താൻ കഴിയും വിധം കേരള റെസ്പോൺസിബിൾ ടൂറിസം മിഷൻ സൊസൈറ്റി വിവിധ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ടൂറിസം റിസോഴ്സ് മാപ്പിങ്ങിലൂടെ നാട്ടിലെ പരമ്പരാഗത തൊഴിലുകൾ ആയ ഓലമെടയൽ, തഴപ്പായ നെയ്ത്ത് , മൺപാത്ര നിർമ്മാണം, കൈത്തറി നെയ്ത്ത് , ഓട്ടുപാത്ര നിർമ്മാണം, കരകൗശല വസ്തു നിർമ്മാണം, കള്ള് ചെത്ത്, തെങ്ങ് കയറ്റം, വിവിധ മത്സ്യ ബന്ധന രീതികൾ ഇവയെല്ലാം രേഖപ്പെടുത്തുകയും ഇവ കമ്മ്യൂണിറ്റി ബെയ്സ്ഡ് ടൂറിസം പ്രോഡക്ടുകളാക്കി മാറ്റുകയും ചെയ്യുന്നു. ഇവ വില്ലേജ് ലൈഫ് എക്സ്പീരിയൻസ് പാക്കേജുകളാക്കി മാറ്റിക്കൊണ്ട് ടൂറിസ്റ്റുകളെ ആകർഷിക്കുകയും തദ്ദേശ വാസികൾക്ക് ടൂറിസത്തിലൂടെ വരുമാനം ലഭ്യമാക്കുകയും ചെയ്യുന്നു. |
| (ബി) | പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെടുത്തി നിലവിൽ വികസിപ്പിച്ചിട്ടുള്ള മേഖലകളും കേന്ദ്രങ്ങളും ഏതൊക്കെയെന്ന് വിശദമാക്കാമോ; | (ബി) | വിവിധ അനുഭവവേദ്യ പാക്കേജുകൾ കുമരകം, മറവന്തുരുത്ത്, അയ്മനം, ബേക്കൽ, കടലുണ്ടി, കുഞ്ഞിമംഗലം, ചെറുപുഴ, വൈത്തിരി, അമ്പലവയൽ, ചെമ്പ്, തൃത്താല, പട്ടിത്തറ, പെരുവെമ്പ്, പൊന്നാനി, കൂടരഞ്ഞി, വൈക്കം, തുടങ്ങിയ കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ കേരള റെസ്പോൺസിബിൾ ടൂറിസം മിഷൻ സൊസൈറ്റി മുഖേന നടത്തി വരുന്നു. |
| (സി) | ആയോധനകലകളെ ടൂറിസവുമായി ബന്ധപ്പെടുത്തുന്നതിന് പ്രത്യേക പദ്ധതികളുണ്ടോ; | (സി) | സംസ്ഥാനത്തിന്റെ തനതായ ആയോധന കലാരൂപങ്ങളുടെ പ്രചരണാർത്ഥം, കേരളത്തിന്റെ ചരിത്രവും പാരമ്പര്യവുമായി കളരിപ്പയറ്റിനുള്ള ആഴത്തിലുള്ള ബന്ധം, കളരിപ്പയറ്റിന്റെ ചരിത്രം, വിവിധ ശൈലികൾ, കളരിപ്പയറ്റ് കേന്ദ്രങ്ങളെ (കളരികൾ) കുറിച്ചുള്ള വിവരങ്ങൾ തുടങ്ങിയവ ഉൾക്കൊള്ളിച്ചുകൊണ്ട് കളരിപ്പയറ്റിനായി സമർപ്പിതമായ വെബ് പേജ് കേരളാടൂറിസത്തിന്റെ |

| | | | |
|---|---|---|---|
| | | | ഒഫീഷ്യൽ വെബ്സൈറ്റിൽ ലഭ്യമാണ്. കൂടാതെ കേരളത്തിന്റെ സമ്പന്നമായ സാംസ്കാരിക പൈതൃകത്തിന് മാറ്റുകൂട്ടുന്നതും ചരിത്ര പ്രാധാന്യമുള്ളതുമായ കലാരൂപമായ വേലകളിയെ സംബന്ധിച്ച് വിഡിയോകളും, ചിത്രങ്ങളും മറ്റ് വിവരങ്ങളും കേരളാട്ടൂറിസം വെബ്സൈറ്റിൽ ലഭ്യമാണ്. കേരള ടൂറിസത്തിന്റെ പദ്ധതികളിൽ കളരി ഉൾപ്പെടെയുള്ള ആയോധനകലകളെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള ഘടകങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ഡി) | ഡിജിറ്റൽ/ഓൺലൈൻ മാർക്കറ്റുകൾ വികസിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികൾ ടൂറിസം വകുപ്പ് സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ; | (ഡി) | കേരളത്തിന്റെ മനോഹാരിത കൂടുതൽ വിനോദസഞ്ചാരികളിലേക്ക് എത്തിക്കുവാൻ കേരള ടൂറിസം ഡിജിറ്റൽ മാർക്കറ്റിംഗ് വളരെ ഫലപ്രദമായി ഉപയോഗിക്കുന്നു. നൂതനമായ സോഷ്യൽ മീഡിയ മാർക്കറ്റിംഗിലൂടെ കേരളത്തിന്റെ ഉയർന്ന നിലവാരമുള്ള ചിത്രങ്ങൾ ആകർഷകമായ വീഡിയോകൾ ഉള്ളടക്കങ്ങൾ എന്നിവ ഉപയോഗിച്ച് ഇൻസ്റ്റഗ്രാം, ഫേസ്ബുക്ക്, യു ട്യൂബ്, ട്വിറ്റർ തുടങ്ങിയ വിവിധ പ്ലാറ്റ് ഫോമുകളിലൂടെ കേരളത്തിന്റെ സൗന്ദര്യവും, സംസ്കാരവും അനുഭവങ്ങളും വിനോദസഞ്ചാരികളിലേക്ക് എത്തിക്കുന്നതിനായി സോഷ്യൽ മീഡിയ ക്യാമ്പയിനുകൾ വിനോദ സഞ്ചാര വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. കൂടാതെ ഗൂഗിൾ ആഡ്സ്, സോഷ്യൽ മീഡിയ പരസ്യങ്ങൾ തുടങ്ങിയ പ്ലാറ്റ്ഫോമുകൾ വഴി ഓൺലൈൻ പരസ്യങ്ങൾ നൽകി കൂടുതൽ സഞ്ചാരികളിലേക്ക് കേരള ടൂറിസത്തിന് എത്തിച്ചേരുന്നതിനുള്ള പ്രചാരണ പരിപാടികളും വിനോദസഞ്ചാരവകുപ്പ് നടപ്പിലാക്കുന്നു. What’s App Chatbot ഉപയോഗിച്ച് Holiday Heist Campaign പോലുള്ള Interactive ക്യാമ്പയിനുകളിലൂടെ വളരെ ഫലപ്രദമായ പ്രചാരണം വിനോദസഞ്ചാര വകുപ്പ് നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ സഞ്ചാരികൾക്ക് വിവിധ ടൂറിസം കേന്ദ്രങ്ങളെക്കുറിച്ച് ഉള്ള വിവരങ്ങൾ ലഭ്യമാക്കുവാൻ നവീകരിച്ച മൊബൈൽ ആപ്പും സൗഹൃദപരവും വിവരദായകവുമായ വെബ്സൈറ്റും കേരള ടൂറിസം വകുപ്പ് പുറത്തിറക്കിയിട്ടുണ്ട്.<br><br>ഈ ഡിജിറ്റൽ മാർക്കറ്റിംഗ് തന്ത്രങ്ങൾ ഫലപ്രദമായി ഉപയോഗിക്കുന്നതിലൂടെ കേരള ടൂറിസത്തിന് ലോകമെമ്പാടുമുള്ള വിനോദസഞ്ചാരികളെ ആകർഷിക്കുവാനും സംസ്ഥാനത്തെ ഒരു പ്രധാന യാത്രാ കേന്ദ്രമായി പ്രോത്സാഹിപ്പിക്കുന്നതിനും കഴിയുന്നു. |

| | | | |
|---|---|---|---|
| (ഇ) | വൈജ്ഞാനിക മേഖലയിൽ പുതിയ ടൂറിസം സംരംഭങ്ങൾ തുടങ്ങാൻ എന്തെല്ലാം സഹായങ്ങൾ സർക്കാർ നൽകിവരുന്നുണ്ടെന്ന് വിശദമാക്കാമോ? | (ഇ) | പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ